# SACRED HEART CMI PUBLIC SCHOOL THEVARA

## WORK SHEET -1

**Std : x** **MALAYALAM** **Total: 15**

**I. വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുക**

1 . പ്രണയചാപല്യം

2. കാലാഹി

3 . മഹാമോഹം

4 . സ്വപ്നതുല്യം

5 . നിർദ്ദയം

6 . പടപ്പാളയങ്ങൾ

7 . കാട്ടുചോലകൾ

8 . ചിന്മുദ്ര

9 . അക്ഷന്തവ്യം

10 . സഹതാപം

11 . കണ്ണുനീർ

12 . തീവണ്ടി

13 . ചിത്രരചന

14 .ചിരംജീവി

15 . ചൂതസായകൻ

# SACRED HEART CMI PUBLIC SCHOOL THEVARA

## WORK SHEET -2

**Std : x** **MALAYALAM** **Total:15**

**I. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

1 .നിരുപദ്രവകരം

2 . രണ്ടെണ്ണം

3 . നിശ്ശബ്ദം

4 . ജീവിതങ്ങൾ

5 .പിൽക്കാലം

6 . തടവറ

7 . കണ്ണുനീർ

8 . ബലിക്കാക്കകൾ

9 . സഹജമായ

10 . മൊഴിച്ചന്തം

11 . ശതാബ്ദങ്ങൾ

12 . നീരറ്റ്

13 .മനസ്താപം

14 . വെണ്ണീർ

15 . സുഖോദയം

# SACRED HEART CMI PUBLIC SCHOOL THEVARA

## WORK SHEET -3

**Std : x** **MALAYALAM** **Total:10**

**അംഗവാക്യം ,അംഗിവാക്യം ഇവ വേർതിരി ച്ചെഴുതുക**

1 .എന്തെന്നില്ലാത്ത ഒരു വിസ്മയത്തോടെ അന്ന ദസ്തയേവ്സ്കിയെ നോക്കി .

2 .മനസ്സിന്റെ മിഥ്യാധാരണകളും ചാപല്യങ്ങളും കൊണ്ട് അവൾ ജീവിതം ദുരിതപൂർണ്ണമാക്കി .

3 .ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ ഒരു പാട്ടിനുവേണ്ടി കാതോർത്തു .

4 .മൂന്നു പതിറ്റാണ്ടായി നൂലുകോർത്തു കുഴിഞ്ഞു പോയ കണ്ണുകൾകൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു .

5 .പിൽക്കാലത്ത് തുന്നിക്കൊടുക്കുമ്പോൾ കൊടുത്തു വീട്ടാം എന്ന കരാറിൽ അയാൾ പലരിൽ നിന്നും കടം വാങ്ങി .

6 .നിശ്ശബ്ദവും ഏകാന്തവും നിശ്ചലവും പ്രകാശപൂർണ്ണവുമായ അനശ്വരതയുടെ സങ്കീർത്തനം ദസ്തയേവ്സ്കി വായിച്ചു .

7 .പിന്നെ ,മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു .

8 .ചലച്ചിത്ര ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്ന സമയത്ത് കേൾക്കുന്ന പാട്ട് തീരുന്നതുവരേക്കും അയാളുടെ പുറകെ ചിലരെങ്കിലും നടക്കുമായിരുന്നു .

9 .എത്ര പറഞ്ഞാലും കാറ്റും മഴയും വന്നാൽ അമ്മ ആ അപകടസ്ഥാനത്ത് ചെന്നിരുന്നതു തന്നെ .

10 .പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു .

# SACRED HEART CMI PUBLIC SCHOOL THEVARA

## WORK SHEET - 4

**Std : x** **MALAYALAM** **Total:10**

**പ്രയോഗം മാറ്റുക**

1 .മത്തായി അയാളെ സൂക്ഷിച്ചു നോക്കി .

2 .ഭാര്യയും മകനും ചാക്കുണ്ണിയാൽ ആശുപത്രിയിലേക്ക് അയയ്ക്കപ്പെട്ടു .

3 .ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി .

4 .കുട്ടികൾ തന്നെ എന്നാൽ ലാളിക്കപ്പെട്ടിട്ടില്ല .

5 .അനശ്വരതയുടെ സങ്കീർത്തനം ദസ്തയേവ്സ്കി വായിച്ചു .

6 .അന്ന നോക്കുമ്പോൾ അദ്ദേഹം നിറഞ്ഞൊഴുകുന്ന സ്വന്തം കണ്ണുകൾ തുടയ്ക്കുന്നു .

7 .വിസ്മയത്തോടെ അവളാൽ ചോദിക്കപ്പെടുന്നു .

8 .അന്നം വെള്ളായിയപ്പനാൽ നിലത്തേയ്ക്ക് എറിയപ്പെട്ടു .

9 .മേധാവികൾ കടലാസ് പരിശോധിക്കുന്നു .

10 .വെള്ളായിയപ്പൻ ഒരു പാറാവുകാരനാൽ തടവറയുടെ ഉള്ളുകളിലേക്ക് കുട്ടിക്കൊണ്ടുപോകപ്പെടുന്നു .

# SACRED HEART CMI PUBLIC SCHOOL THEVARA

## WORK SHEET - 5

**Std : x** **MALAYALAM** **Total:10**

## എ വിഭാഗം

### 1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഇത് സെൽഫികളുടെ കാലമാണ് .ആരേയും ആശ്രയിക്കാതെ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള കഴിവും സാങ്കേതിക മികവുമാണ് സെൽഫികളിലൂടെ വ്യക്തമാക്കുന്നത് .എന്തിനും ഏതിനും അപരനെ ശല്യപ്പെടുത്തുന്നവർക്ക് സ്വയം അപര്യാപ്തതയുടെ പ്രതീകമായ സെൽഫി ഒരു തിരുത്തൽ സൂചനയാണ് .വീട്ടു ജോലിക്കും കെട്ടിടം പണിക്കും വൃത്തിയാക്കലിനും അന്യസംസ്ഥാനക്കാരെ മാത്രം ശരണം വയ്ക്കുന്ന മലയാളിക്ക് സെൽഫി സംസ്ക്കാരം ദിശാബോധം നൽകേണ്ടതാണ് .സ്കൂൾ ബസ് വന്നില്ലെങ്കിൽ അര കിലോമീറ്റർ നടന്ന് പോകാൻ ഗതിയില്ലാത്ത പുതുതലമുറയ്ക്ക് 'സെൽഫി 'യുടെ വെളിച്ചം നല്ലതാകേണ്ടതാണ് .എന്നാൽ മറ്റാരെയും തനിക്കാവശ്യമില്ലെന്നും എന്തിനും പോന്നവനാണ് താനെന്നും ചിന്തിക്കുന്നവരുടെ പ്രതീകമായി സെൽഫി മാറുന്നുണ്ട് .സ്വന്തം കണ്ണിലൂടെ മാത്രം എല്ലാം നോക്കിക്കാണുകയും തന്നെ മറ്റുള്ളവർ എങ്ങനെ കാണണമെന്ന് താൻ ആഗ്രഹിക്കുന്നുവോ അപ്രകാരം മാത്രം സ്വയം ലഭ്യമാക്കുകയും ചെയ്യുന്ന നവീനമായ സംസ്കാരമാണ് സെൽഫി .യാത്രയ്ക്കിടയിൽ അടുത്തിരിക്കുന്നവനെ നോക്കുന്നതുപോലും സെൽഫികൾക്ക് വർജ്യമാണ് .മൊബൈൽ ഫോണിൽ പതിഞ്ഞു പോയ കണ്ണുകളും ഇയർ ഫോണിൽ അടച്ചുവച്ച കാതുകളും ച്യൂയിംഗത്തിൽ ഒട്ടിപ്പോയ ചുണ്ടുകളും സെൽഫികളെ അന്ധരും മൂകരും ബധിരരുമാക്കുന്നു .കണ്ണും കാതും വായും പൂട്ടി തന്നിലേക്ക് തന്നെ ഉൾവലിയുന്നതിൽ ആനന്ദിക്കുന്ന സെൽഫി സംസ്കാരം നമ്മെ നയിക്കുന്നതെവിടേക്കാണ്? അടുത്തിരിക്കുന്നവനെ അന്യനാക്കി അന്യഭൂഖണ്ഡങ്ങളിലെ ആശയങ്ങൾ തെരയുന്നവർ തീർച്ചയായും അസ്ഥി ദുഃഖം പേറുന്നവരാണ് .യാത്രയിൽ മാത്രമല്ല വീട്ടിലും സെൽഫികൾ അന്തർമുഖരാണ് .കൂട്ടുകുടുംബത്തിൽ നിന്നും സ്കൂട്ടർ കുടുംബത്തിലേക്ക് എണ്ണം ചുരുങ്ങിയപ്പോൾ കൊച്ചു കുട്ടിക്കും സ്വന്തം മുറിയായി .അടച്ചു പൂട്ടിയ മുറിയുടെ തടവറയെ മനസാവരിച്ചു അതിനുള്ളിൽ കമ്പ്യൂട്ടർ ഗെയിമുമായി അഭിരമിക്കുന്നതിലാണ്പുതു തലമുറയ്ക്ക് കൗതുകം.

## ചോദ്യങ്ങൾ

1 .സെൽഫികളിലൂടെ വ്യക്തമാക്കുന്നതെന്ത് ?

2 .എന്താണ് സെൽഫി ?

3 .സെൽഫികളെ അന്ധരും മൂകരും ബധിരരുമാക്കുന്നതെന്ത്?

4 .പുതുതലമുറയ്ക്ക് കൗതുകം എന്തിലാണ്  ?

5 . ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം  നൽകുക .

-----------------------------------------------------

# SACRED HEART CMI PUBLIC SCHOOL THEVARA

## WORK SHEET - 6

**Std : x** **MALAYALAM** **Total:10**

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച്ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

എന്താണ് നാം നിത്യവും വായിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് നാം തന്നെയാണ് .നമ്മുടെ അഭിരുചി ,വാസന എന്നിവയെ പുഷ്ടിപ്പെടുത്തുന്നതിനും സമഗ്രമാക്കേണ്ടതിനും വേണ്ടിയാണ് വായന ..ജീവിതത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ശരിയായ അറിവ് നമുക്കുണ്ടാകുന്നതിന് സഹായകമാകേണ്ടുന്ന ഗ്രന്ഥങ്ങൾ പ്രായത്തിനൊത്ത് തെരഞ്ഞെടുത്തുവായിക്കണം .ജീവചരിത്രം, സഞ്ചാരസാഹിത്യം,എന്നിവ വായിക്കുന്നത് നമ്മുടെ വ്യക്തിത്വ വികസനവുമായിബന്ധപ്പെട്ടിരിക്കുന്നു .ഓരോരുത്തരും വിജ്ഞാനശീലമുള്ളവരാകാൻവായന ആവശ്യമാണ് .അതു വളർത്തുകയാണ്കർത്തവ്യം .സൗന്ദര്യ ബോധം ഉണർത്തുന്നതിനും അദ്ധ്യാത്മിക വികാസത്തെ സഹായിക്കുന്നതിനും പറ്റിയ പുസ്തകങ്ങൾ വായിക്കുന്നത് ഒരു ശീലമാക്കണം .മനസ്സിന് ഉന്മേഷവും ഉത്സാഹവും നൽകുന്ന ഗ്രന്ഥങ്ങൾ വായിക്കാൻ നാം ഒരിക്കലും വിട്ടുപോവുകയുമരുത് .

ചോദ്യങ്ങൾ

1 .വായന എന്തിനുവേണ്ടിയാണ് ?

2 .എങ്ങനെയുള്ള ഗ്രന്ഥങ്ങളാണ് വായിക്കാൻ വിട്ടുപോകരുതാത്തത് ?

3 . എങ്ങനെയുള്ള പുസ്തകങ്ങൾ വായിക്കുന്നതാണ് ഒരു ശീലമാക്കേണ്ടത് ?

4 .നമ്മുടെ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ത് ?

5 .ഈ ഖണ്ഡികയ്ക്കു ഉചിതമായ ഒരു ശീർഷകം നൽകുക .

---